സേവനാവകാശം ഭരണമികവിലൂടെ

16 (*466) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുജനങ്ങൾക്ക് സർക്കാർ സേവനം അടിയന്തരമായി ലഭ്യമാക്കുന്നതിന് ഭരണ രംഗത്ത് മാറ്റം വരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) സേവനാവകാശം നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) മന്ത്രിമാരുടെയും വകുപ്പ് അദ്ധ്യക്ഷന്മാരുടെയും നേതൃത്വത്തിൽ പരാതികൾ ലഭിക്കുന്ന ഓഫീസുകളുൾപ്പെടെ സന്ദർശിച്ച് പരിഹാരം കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ) പൊതുജനങ്ങൾക്ക് സർക്കാർ സേവനം അടിയന്തരമായും കാര്യക്ഷമമായും ലഭ്യമാക്കുന്നതിന് ഭരണപരമായി നിരവധി പരിപാടികളാണ് സർക്കാർ ഇതിനകം സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള സർക്കാർ ഓഫീസുകളിലെ ജീവനക്കാർക്ക് അവരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി സമയബന്ധിതമായി ടെയിനിംഗുകൾ നൽകിവരുന്നു. സർക്കാർ ഓഫീസുകളിൽ എത്തുന്ന ജനങ്ങൾക്ക് ജീവനക്കാരുടെ സേവനം മുടക്കം കൂടാതെ ലഭിക്കുന്നതിനായി മിക്കവാറും എല്ലാ ഓഫീസുകളിലും പഞ്ചിംഗ് സമ്പ്രദായം കർശനമായി നടപ്പിലാക്കിവരുന്നു. സെക്രട്ടേറിയറ്റിൽ ideas എന്ന ഇന്റർനെറ്റ് അധിഷ്ഠിത ഫയൽ ട്രാക്കിംഗ് സിസ്റ്റം വിജയകരമായി നടപ്പിലാക്കിവരുന്നു. ഇതുവഴി പൊതുജനങ്ങൾക്ക് സെക്രട്ടേറിയറ്റിൽ കൈകാര്യം ചെയ്യുന്ന ഫയലുകളുടെ തൽസ്ഥിതി സെക്രട്ടേറിയറ്റിൽ വരാതെ തന്നെ അറിയാൻ കഴിയും. പരാതികളുമായി വരുന്ന പൊതുജനങ്ങളെ സഹായിക്കുന്നതിനായി സെക്രട്ടേറിയറ്റിൽ മൂന്ന് സന്ദർശക സഹായക കേന്ദ്രങ്ങളും ജനങ്ങൾക്ക് ഏതുസമയവും സർക്കാരിനെ സമീപിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ഓഫീസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾസെന്ററും മാത്രമല്ല സെക്രട്ടേറിയറ്റിൽ ഇ-ഓഫീസും നടപ്പിലാക്കിവരുന്നു. വെബ് ടെലി കാസ്റ്റിങ്ങിലൂടെയും 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്ററിലൂടെയും പൊതുജനങ്ങൾക്ക് സർക്കാർ സേവനം അടിയന്തരമായി ലഭ്യമാക്കാനാകുന്നുണ്ട്. വിഷൻ 2030,

LIBRARY ARCHIVES Kerala Legislative Assembly

സേവനാവകാശ നിയമം തുടങ്ങിയവയും ഈ ലക്ഷ്യത്തോടെ ആവിഷ്കരിച്ചതാണ്. അതുപോലെ പൊതുജനങ്ങൾക്ക് സേവനങ്ങൾ തടസ്സം കൂടാതെ ലഭിക്കുന്നതിന് വിവരസാങ്കേതികവിദ്യയുടെ സാദ്ധ്യത പ്രയോജനപ്പെടുത്തി ഇ-ഗവേണൻസ്, എം.-ഗവേണൻസ് എന്നിവ വിവിധ വകുപ്പുകളിൽ വ്യാപകമായി നടപ്പിലാക്കി വരുന്നു. എല്ലാ ജില്ലകളെയും ഇ-ഡിസ്ട്രിക്ട് ആക്കുന്നതിനും നടപടി തുടങ്ങി കഴിഞ്ഞു. കേരളത്തെ സമ്പൂർണ്ണ ഡിജിറ്റൽ സ്റ്റേറ്റ് ആക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇങ്ങനെ സർക്കാരിന്റെ വിവിധ പദ്ധതികളിലൂടെയും നിയമ നിർമ്മാണത്തിലൂടെയും സർക്കാർ സേവനം പൊതുജനങ്ങൾക്ക് കാര്യക്ഷമമായി ലഭ്യമാക്കുന്നു. സർക്കാർ ഓഫീസുകളിൽ പൊതുജനങ്ങൾക്ക് ഫയൽ സംബന്ധമായ വിവരം നൽകുവാനും അപേക്ഷ സ്വീകരിക്കുവാനും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യവും സർക്കാർ പരിശോധിക്കുന്നതാണ്.

(ബി&സി) കേരള സംസ്ഥാന സേവനാവകാശ നിയമം-2012, 2012 നവംബർ 1 മുതൽ നിലവിൽ വന്നു. ഈ നിയമവും ചട്ടങ്ങളും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 23-11-2012, 19-2-2013 എന്നീ തീയതികളിലെ 21145/എ.ആർ.12(1)/12/ഉഭപവ, 20-12-2012-ലെ 14944/എ.ആർ.12(1)/12/ഉഭപവ, 4-10-2013-ലെ 16203/എ.ആർ.12(1)/13/ ഉഭപവ. എന്നീ സർക്കുലറുകൾ പ്രകാരം ഈ നിയമം നടപ്പിലാക്കുന്നതിലേക്കായി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിലേക്കും, കേരള സംസ്ഥാന സേവനാവകാശ ചട്ടം 6 പ്രകാരം സർക്കാർ ഓഫീസുകളിലെ നോട്ടീസ് ബോർഡിൽ ഗസറ്റ് വിജ്ഞാപനത്തിലെ വിവരങ്ങളും, സേവനങ്ങൾ ലഭിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകളും ചട്ടങ്ങളിലെ ഫോറങ്ങളും എഴുതി പ്രദർശിപ്പിക്കുന്നതിലേക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സേവനത്തിന് അർഹതയുള്ള ഒരാളുടെ അപേക്ഷ ലഭിക്കുന്നതിന്മേൽ നിയുക്ത ഉദ്യോഗസ്ഥനോ, പ്രാധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അതാത് സംഗതി പോലെ, അപേക്ഷകന്, ഫാറം നമ്പർ 1-ൽ കൈപ്പറ്റ് രസീത് നൽകേണ്ടതാണെന്നും സേവനം നൽകുന്നതിന് ആവശ്യമായ ഏതെങ്കിലും രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ലാത്ത പക്ഷം ആയത് കൈപ്പറ്റ് രസീതിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണെന്നും ഇത്തരം സേവനത്തിനുള്ള നിശ്ചിത സമയപരിധി രേഖ ഹാജരാക്കുന്ന തീയതി മുതൽ ആരംഭിക്കുന്നതാണെന്നും 21-10-2014-ലെ 16203/എ.ആർ. 12(1)/13/ ഉഭപവ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. സേവനാവകാശ നിയമപ്രകാരം നൽകിയ സേവനങ്ങൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട് ഓരോ മാസവും വകുപ്പ് തലവന്മാർ ബന്ധപ്പെട്ട ഭരണ വകുപ്പ് മുഖേന ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സേവനങ്ങൾ ലഭിക്കുന്നതിന് കേരള സംസ്ഥാന സേവനാവകാശ

LIBRARY ARCHIVES Kerala Legislative Assembly

നിയമപ്രകാരം പ്രത്യേകം അപേക്ഷകളൊന്നും നൽകേണ്ടതില്ലെന്നും സേവനങ്ങൾ നൽകുന്നതിനുവേണ്ടി സർക്കാർ ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രസ്തുത വകുപ്പുകൾ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ള സേവനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവയാണെങ്കിൽ അത്തരം എല്ലാ അപേക്ഷകളും വിജ്ഞാപന പ്രകാരമുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കേണ്ടതാണെന്നും 15-11-2014-ലെ 16203/ എ.ആർ.12(1)/13/ഉഭപവ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

കപ്പൽ നിർമ്മാണശാല

17 (*467) ശ്രീ. സി. ദിവാകരൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കപ്പൽ നിർമ്മാണശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് തുറമുഖ ഡയറക്ടറുടെ പഠന റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചത് എന്നാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) കപ്പൽ നിർമ്മാണശാല എവിടെ പ്രവർത്തിക്കണമെന്നാണ് പഠന റിപ്പോർട്ടിൽ നിർദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) കേരളത്തിൽ കപ്പൽ നിർമ്മാണശാലയ്ക്കുള്ള കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് ലഭിച്ചത് ;

(ഡി) കപ്പൽ നിർമ്മാണശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

(എ&ബി) സംസ്ഥാനത്ത് കപ്പൽ നിർമ്മാണശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് തുറമുഖ വകുപ്പ് പഠനം നടത്തിയിട്ടില്ല.

(സി) കേരളത്തിൽ കപ്പൽ നിർമ്മാണശാലയ്ക്കുള്ള കേന്ദ്രാനുമതി ലഭിച്ചിട്ടില്ല.

(ഡി) ഇന്ത്യയിലെ പടിഞ്ഞാറൻ തീരത്ത് രാജ്യാന്തര കപ്പൽശാല നിർമ്മാണത്തിനായി 13-12-2007-ൽ പൂവാർ അനുയോജ്യ സ്ഥലമാണെന്ന ശിപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ പൂവാറിൽ ബ്രേക്ക് വാട്ടർ നിർമ്മാണത്തിന് വേണ്ടിവരുന്ന ഭാരിച്ച ചെലവ് കണക്കിലെടുത്ത് കപ്പൽ

LIBRARY ARCHIVES Kerala Legislative Assembly